# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.645 28.09.2016-ൽ മറുപടിയ്ക്ക്

### ജലവിതരണ പൈപ്പ്ലൈനുകളിൽ അടിക്കടിയുണ്ടാകുന്ന തകരാറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | ജലവിതരണ പൈപ്പ്ലൈനുകളിൽ അടിക്കടിയുണ്ടാകുന്ന തകരാറുകൾ പൊതുജനങ്ങളെ വളരെയേറെ ബുദ്ധിമുട്ടിക്കുന്നതാണെന്നത് ഗൗരവമായി കാണുന്നുണ്ടോ ; | എ | ഉണ്ട്. |
| ബി | ഇത്തരം തകരാറുകൾ അടിയന്തരമായി പരിഹരിക്കുന്നതിന് ജല അതോറിറ്റി യഥാസമയം നടപടി സ്വീകരിക്കാറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി | കേരള വാട്ടർ അതോറിറ്റി യുടെ 'ബ്ലൂ ബ്രിഗേഡ് സിസ്റ്റം' ഏത് രീതിയിലാണ് പ്രവർത്തിക്കുന്നത്; ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ; ഇതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ? | സി | പൈപ്പ്ലൈനുകളിലെ ലീക്കുകൾ അടക്കമുള്ള അറ്റകുറ്റ പണികൾ അതോറിറ്റി നേരിട്ട് തന്നെ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് ബ്ലൂ ബ്രിഗേഡ് സിസ്റ്റം. അറ്റകുറ്റ പണികൾ എടുത്തിട്ടുള്ള കരാറുകാർ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പരിഹരിക്കാത്ത ലീക്കുകളാണ് പ്രധാനമായും ബ്ലൂ ബ്രിഗേഡ് ചെയ്തു വരുന്നത്. കൂടാതെ അടിയന്തിര പ്രാധാന്യമുള്ള ലീക്കുകളും പരിഹരിക്കുന്നുണ്ട്. ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ പ്രധാന ജലവിതരണ പദ്ധതികളിലും ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ